(7 pages) **Reg. No. : ..............................**

**Code No. : 32013** **Sub. Code : R 1 MY 31/ B 1 MY 31**

B.A./B.Sc. (CBCS) DEGREE EXAMINATION, NOVEMBER 2011.

Third Semester

Part I — Malayalam

Paper III — GADHYASAHITYAM

(For those who joined in July 2008 onwards)

Time : Three hours Maximum : 75 marks

PART A — (10 × 1 = 10 marks)

ശരിയുത്തരം എടുത്തെഴുതുക.

1. അപ്പുക്കുട്ടൻ കണ്ടോല്ല. ആമൻ സാറിനെ പശു കുത്തും. ഞാൻ മുത്തപ്പനോടു പ്രാർത്ഥിച്ചിട്ടുണ്ട് - ഈ പരിഭവത്തിനു കാരണമെന്ത്?

   (a) പത്മാവതിക്ക് അപ്പുക്കുട്ടനോടുള്ള സ്നേഹം

   (b) അപ്പുക്കുട്ടനെ ആമൻ സാറ് കൂടെ കൂട്ടുന്നത്

   (c) ആമൻ സാറിന്റെ വിരസസമായ ക്ലാസ്സുകൾ

   (d) അപ്പുക്കുട്ടനെ ബോധപൂർവ്വം തന്നിൽ നിന്ന് അകറ്റുന്നുവെന്ന തോന്നൽ.

2. കമലാദാസ് എന്ന പേരിലും അറിയപ്പെടുന്ന എഴുത്തുകാരി

   (a) ബാലാമണിയമ്മ (b) മാധവികുട്ടി

   (c) മാനസി (d) അഷിത

3. ചന്ദ്രമതിയുടെ ചെറുകഥയേത്?

   (a) ദുഷ്യന്തൻമാഷ് (b) നരകവാതിൽ

   (c) മായാമയൻ (d) ദേവീഗ്രാമം

4. പട്ടങ്ങളിലെ പ്രമേയം

   (a) അസ്വസ്ഥമായ പ്രണയ ജീവിതം

   (b) കലുഷമായ കുടുംബജീവിതം

   (c) ഏകപക്ഷീയ പ്രേമം

   (d) അസ്വസ്ഥമായ ദാമ്പത്യം

5. പ്ലേറ്റോയുടെ കൃതി

   (a) ആർട്സ് പൊയറ്റിക്ക (b) റിപ്പബ്ലിക്

   (c) ലൈസിയം (d) പ്രല്യൂഡ്

6. രൂപത്തിനാണ് സർവ്വപ്രാധാന്യമെന്ന ബൂർഷ്വാചിന്താഗതിയെ വിമർശിച്ച പണ്ഡിതൻ

(a) എംഗൽസ് (b) ഏണസ്റ്റ് ഫിഷർ

(c) മാർക്സ് (d) ലെസ്സിങ്

7. വള്ളത്തോൾ രചിച്ച മഹാകാവ്യം

(a) ഉമാകേരളം (b) കേശവീയം

(c) ചിത്രയോഗം (d) പാണ്ഡവോദയം

8. 'ലാമിസറബ്ള' മലയാളത്തിലേക്കു പരിഭാഷപ്പെടുത്തിയത്

(a) വള്ളത്തോൾ (b) ആശാൻ

(c) നാലപ്പാട്ട് (d) ചങ്ങമ്പുഴ

9. ഹിമാലയത്തെ ഹൃദയസ്പൃക്കായി വർണ്ണിച്ചിട്ടുള്ള കവി

(a) ശ്രീഹർഷൻ (b) കാളിദാസൻ

(c) ഭവഭൂതി (d) ഭാസൻ

10. ഹിമായലൻ ട്രെയിൻ എന്നു വിശേഷിപ്പിക്കുന്നത് ഏതിനെയാണ്?

(a) വരിവരിയായിപ്പോകുന്ന ചെമ്മരിയാടുകൾ

(b) കോവർകഴുതകളുടെ നിര

(c) ഷേർപ്പകളുടെ വര

(d) കുന്നുകളെ ബന്ധിപ്പിച്ചുള്ള റോപ്പ് വേ



## PART B — (5 × 5 = 25 marks)

250 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

11. (a) ഒരെഴുത്തുകാരൻ എന്ന നിലയിൽ നീയ്യൊരു ദുഷ്ടനാ, ആ തോമസ്സ് കുഞ്ഞ് നിന്റെ കാലുപിടിച്ച് യാചിച്ചില്ലേ, നോവലിനുവേണ്ടി - രാവുണ്ണിയെ ക്ഷോഭിപ്പിച്ച സംഭവം വിവരിക്കുക.

അല്ലെങ്കിൽ

(b) 'ലോകം കണ്ടിട്ടുള്ള ഏറ്റവും വലിയ കോമാളിയാണ് കേമറ' - കേശവൻ ഇങ്ങനെ പറയാനുണ്ടായ സാഹചര്യവും പരിണാമവും വിവരിക്കുക.

12. (a) അസ്വസ്ഥ ദാമ്പത്യങ്ങളേയുള്ളൂ മാധവിക്കുട്ടിയുടെ ലോകത്തിൽ - പരിഭാഷപ്പെടുത്തുക.

അല്ലെങ്കിൽ

(b) 'നീ തേവിടിശ്ശിയെപ്പോലെ നിന്റെ ഭർത്താവിന്റെ യടുക്കലേക്കു പോവുകയാണുണ്ടായത്' - പട്ടണങ്ങളിലെ കാമുകന്റെ മനോഭാവം വിശകലനം ചെയ്യുക.

13. (a) ആഖ്യാനം, വിഷയ സ്വീകരണം എന്നീ തലങ്ങളിൽ മലയാള ചെറുകഥകളിൽ ചന്ദ്രമതി പുലർത്തുന്ന വ്യതിരിക്തതകൾ ഏവ?

അല്ലെങ്കിൽ

(b) 'ലഡു' എന്ന പ്രതീകത്തിലൂടെ ചന്ദ്രമതി സാക്ഷാത്കരിക്കുന്ന ജീവിത സമസ്യകൾ വിവരിക്കുക.

14. (a) കല അനുകരണത്തിന്റെ അനുകരണമാണെന്ന വാദത്തിന്റെ പൊരുൾ വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) കഥയിലെ മൂല്യങ്ങൾ എന്നത് ഒരു കേവല സങ്കല്പമാണ്. കാലം മാറുന്നതിനനുസരിച്ച് മൂല്യങ്ങൾ മാറുന്നു - നിരൂപിക്കുക.

15. (a) എല്ലാ കണക്കുകൂട്ടലുകളും മലമുകളിൽ ഇല്ലാതാക്കുന്നത് ലഗേജാണ്. ലഗേജില്ലാതെ പർവതാരോഹണം പറ്റുകില്ല. ലേഖകന്റെ അനുഭവങ്ങൾ വിവരിക്കുക.

അല്ലെങ്കിൽ

(b) അങ്ങനെ ജീവിതത്തിനും മരണത്തിനുമിടയ്ക്കുള്ള ഒരു നൂൽപ്പാലം പോലെ നേർപ്പാനിയിലെ പാത വളഞ്ഞുപോകുന്നു. ഈ ഉപമക്കു അടിസ്ഥാനമെന്ത്?



## PART C — (5 × 8 = 40 marks)

500 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

16. (a) അപ്പുക്കുട്ടന്റെ വിലാപങ്ങൾ എങ്ങനെ കേശവന്റെ വിലാപങ്ങളായി?

അല്ലെങ്കിൽ

(b) മറ്റു കുട്ടികളിൽ നിന്നു വ്യത്യസ്തനായി അപ്പുക്കുട്ടൻ വളർന്നതെങ്ങനെ?

17. (a) സ്ത്രീപക്ഷ എഴുത്തുകാരിയായി മാധവിക്കുട്ടിയെ വിശേഷിപ്പിക്കാമോ?

അല്ലെങ്കിൽ

(b) മാധവിക്കുട്ടിയുടെ സ്ത്രീകഥാപാത്രങ്ങൾ വിഭ്രമാത്മകവും അയഥാർത്ഥവുമായ ലോകത്തിൽ വിഹരിക്കുന്നവരാണ് - പരിശോധിക്കുക.

18. (a) 'കലാസങ്കല്പങ്ങൾ' എന്ന കൃതിയുടെ ഏറ്റവും വലിയ പരിമിതി പൗരസ്ത്യസാഹിത്യദർശനങ്ങൾക്ക് അതിൽ വേണ്ടത്ര സ്ഥാനം ലഭിച്ചിട്ടില്ലെന്നുള്ളതാണ് - പരിശോധിക്കുക.

അല്ലെങ്കിൽ

(b) എം. കൃഷ്ണൻനായർ എന്ന വിമർശകന്റെ സാഹിത്യവീക്ഷണം കലാസങ്കല്പങ്ങൾ എന്ന കൃതിയിലൂടെ തെളിയിച്ചെടുക്കാൻ സാധിക്കുമോ?

19. (a) ഒരു വിവർത്തകൻ എന്ന നിലക്കു വള്ളത്തോളിന്റെ സംഭാവനകൾ അച്യുതക്കുറുപ്പിന്റെ സ്മരണകളെ ആസ്പദമാക്കി വിലയിരുത്തുക.

അല്ലെങ്കിൽ

(b) പിതാവ്, മുത്തച്ഛൻ, ഭർത്താവ് എന്നീ നിലകളിൽ സ്മരണകളിൽ തെളിയുന്ന വള്ളത്തോളിന്റെ വ്യക്തിത്വം നിരൂപിക്കുക.

20. (a) ചൈനീസ് അധിനിവേശത്തിനു ശേഷം ടിബറ്റിലുണ്ടായ പരിണാമങ്ങളുടെ ഒരു റിപ്പോർട്ട് സുരേന്ദ്രനാഥിന്റെ സ്മരണകളെ ആസ്പദമാക്കി തയ്യാറാക്കുക.

അല്ലെങ്കിൽ

(b) നല്ല ഹൈമവതഭൂവിന്റെ ഒരു നല്ല ചിത്രം കെ.വി. സുരേന്ദ്രനാഥിന്റെ സ്മരണകൾ നല്കുന്നുണ്ട് - പരിശോധിക്കുക.

---